പ്രകാശവചനം ● സി.എം റഫീഖ്, കോക്കൂര്‍

# ആരാധനകളും സല്‍സ്വഭാവവും

عَنْ أَنس رَضِيَ اللَّهُ عَنْهُ عَنْ رَسُول اللَّه ﷺ قَالَ: إِنَّ الْعَبْدَ لَيَبْلُغُ بِحُسْن خُلُقه عَظِيمَ دَرجَات الآخِرَةِ، وَشَرَفَ الْمَنَازِلِ، وَإِنَّهُ لَضَعِيفُ الْعِبَادَةِ، وَإِنَّهُ لَيَبْلُغُ بِسُوءِ خُلُقِهِ أَسْفَلَ دَرَجَةٍ فِي جَهَنَّم (طبرانى)

അനസ്(റ)ല്‍നിന്ന് നിവേദനം. റസൂല്‍(സ) പറഞ്ഞു: ആരാധനാ വിഷയങ്ങളില്‍ അപാകത ഉള്ളവനായാലും, സദ്‌സ്വഭാവം കൊ് ഒരടിമ, അന്ത്യനാളില്‍ മഹത്തായ സ്ഥാനമാനങ്ങള്‍ സ്വായത്തമാക്കുന്നു. എന്നാല്‍ സ്വഭാവ ദൂഷ്യം കൊ് നരകത്തിന്റെ അടിത്തട്ടിലേക്ക് എറിയപ്പെടുകയും ചെയ്യുന്നു (ത്വബ്‌റാനി).

സല്‍സ്വഭാവത്തിന് ഇസ്‌ലാം എന്തുമാത്രം പ്രാധാന്യം നല്‍കുന്നു എന്ന് വ്യക്തമാക്കുന്ന പ്രവാചക വചനമാണിത്. സ്വഭാവമെന്തായാലും, നിശ്ചിതമായ ചില ആരാധനാ കര്‍മങ്ങളും പ്രാര്‍ഥനകളും നിര്‍വഹിക്കുക വഴി തെറ്റുകുറ്റങ്ങള്‍ മായ്ച്ചുകളയാമെന്നും മോക്ഷം നേടാമെന്നും സന്തോഷവാര്‍ത്ത അറിയിക്കുന്ന ചില മതങ്ങളുണ്ട്. എന്നാല്‍ ഇസ്‌ലാം തികച്ചും വ്യത്യസ്തമാകുന്നു. ഇസ്‌ലാമില്‍ മതവിശ്വാസത്തിന്റെ കേന്ദ്രവും അച്ചുതണ്ടും സല്‍സ്വഭാവം നേടിയെടുക്കുന്നതിനുള്ള ബോധപൂര്‍വമായ ചുവടുവെയ്പുകളാകുന്നു.

ഇസ്‌ലാം മനുഷ്യനും ദൈവവും തമ്മിലുള്ള ഉല്‍കൃഷ്ട സ്നേഹബന്ധമാണെന്നത് പോലെ, മനുഷ്യനും മനുഷ്യനും തമ്മിലുള്ള സല്‍പെരുമാറ്റത്തിന്റെ പേര് കൂടിയാണ്. മാനവതയുടെ മാര്‍ഗദര്‍ശകനായ അന്ത്യപ്രവാചകന് അല്ലാഹു നല്‍കിയ വിശേഷണം തന്നെ, 'താങ്കള്‍ അത്യുല്‍കൃഷ്ട സ്വഭാവത്തിനുടമയാകുന്നു' എന്നാണ്. അബ്ദുല്ലാഹിബ്നു അംറ്(റ) പറയുന്നു: 'അല്ലാഹുവിന്റെ ദൂതന്റെ പെരുമാറ്റം ഒരിക്കലും മര്യാദ വിട്ടതോ പരുക്കനോ ആയിരുന്നില്ല. നിങ്ങളുടെ കൂട്ടത്തില്‍ മികച്ചുനില്‍ക്കുന്നവന്‍ സ്വഭാവം ഏറ്റവും നന്നാക്കിയവനാണെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു' (ബുഖാരി).

നിങ്ങളില്‍ എനിക്കേറ്റവും പ്രിയപ്പെട്ടവന്‍ ആരാണെന്ന് പറഞ്ഞുതരട്ടെയോ എന്ന് തിരുദൂതര്‍ ചോദിച്ചത് താന്‍ കേട്ടുവെന്ന് അബ്ദുല്ലാഹിബ്നു അംറ്(റ) പറയുന്നു. തിരുദൂതര്‍ വീണ്ടും ചോദിച്ചു: ആരാവും വിധിതീര്‍പ്പ് നാളില്‍ എന്നോടേറ്റവും അടുത്തവനായിരിക്കുക? രണ്ടോ മൂന്നോ വട്ടം ഈ ചോദ്യം ആവര്‍ത്തിച്ചു. ആരാണെന്ന് വെളിപ്പെടുത്താനപേക്ഷിച്ചപ്പോള്‍ അവിടുന്ന് ഇങ്ങനെ പറഞ്ഞു: 'നിങ്ങളുടെ കൂട്ടത്തില്‍ സ്വഭാവഗുണത്തില്‍ ഏറ്റവും മികച്ചു നില്‍ക്കുന്ന വ്യക്തിയാണത്' (അഹ്മദ്).

വിധിതീര്‍പ്പുനാളില്‍ വിശ്വാസിയുടെ തുലാസില്‍ സ്വഭാവ ഗുണത്തേക്കാള്‍ ഭാരം തൂങ്ങുന്ന മറ്റൊന്നുമുണ്ടാവുകയില്ലെന്നും പ്രവാചകന്‍(സ) പറഞ്ഞിട്ടുണ്ട്.

ആരാധനാ കര്‍മങ്ങള്‍ക്ക് ഇസ്‌ലാമില്‍ പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. അവയുടെ മുഖ്യലക്ഷ്യങ്ങളിലൊന്ന് ഉല്‍കൃഷ്ട സ്വഭാവത്തിനുടമകളെ വാര്‍ത്തെടുക്കുക എന്നതാണ്. എന്നാല്‍ ആരാധനാ കര്‍മങ്ങള്‍ നിഷ്ഠയോടെ നിര്‍വഹിച്ചുകൊണ്ടിരിക്കെതന്നെ ദുഃസ്വഭാവമാണൊരാള്‍ വെച്ചുപുലര്‍ത്തുന്നതെങ്കില്‍, അക്കാരണത്താല്‍ മാത്രം നരകത്തിന്റെ അടിത്തട്ടിലേക്ക് എടുത്തെറിയപ്പെടുമെന്നത് ഗൗരവത്തോടെ കാണേണ്ടതാണ്.

അതേസമയം തനിക്ക് സാധ്യമാകുംവിധം പരിശ്രമിച്ചിട്ടും അറിവില്ലായ്മ കൊണ്ടോ അശ്രദ്ധ കൊണ്ടോ ആരാധനാ വിഷയങ്ങളില്‍ സംഭവിച്ച പോരായ്മകള്‍ സദ്‌സ്വഭാവം പരിഗണിച്ച് അല്ലാഹു വിട്ടുവീഴ്ച ചെയ്തു കൊടുക്കുകയും അന്ത്യനാളില്‍ മഹത്തായ പദവികള്‍ നല്‍കി ആദരിക്കുകയും ചെയ്യുമെന്നത് വലിയ പ്രതീക്ഷക്ക് വക നല്‍കുന്നതാണ്. നബി(സ) പറയുന്നത് കാണുക: 'ആഭാസകരവും സംസ്കാരശൂന്യവുമായ വാക്കുകള്‍ പറയുന്ന ആളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. സന്മാര്‍ഗനിഷ്ഠയുള്ള വ്യക്തിയാകട്ടെ, അയാളുടെ സല്‍സ്വഭാവംകൊണ്ട് നമസ്കരിക്കുന്നവന്റെയും നോമ്പനുഷ്ഠിക്കുന്നവന്റെയും തലത്തിലേക്കുയരുന്നു' (അഹ്മദ്).

ഇബ്നു ഉമര്‍(റ) പറയുന്നു: 'പ്രവാചകന്‍ അരുളിയതായി ഞാന്‍ കേട്ടു. ആരാധനകളില്‍ ആവേശം കൂടിയവനല്ലെങ്കിലും ഒരു മുസ്‌ലിം അവന്റെ സ്വഭാവ വൈശിഷ്ട്യവും അന്തസ്സുറ്റ പെരുമാറ്റവും കാരണമായി നോമ്പ് നോല്‍ക്കുന്നവന്റെയും രാത്രിയില്‍ അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുന്നവന്റെയും സ്ഥാനം നേടുന്നു' (അഹ്മദ്). ■